പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1379** **14. 06. 2013-** ലെ മറുപടി

## <u>വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. ജെയിംസ് മാത്യു</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിദേശ രാജ്യങ്ങളിൽ തടവിൽ കഴിയുന്ന മലയാളികളെ സംബന്ധിച്ച കണക്കുകൾ വിശദമാക്കുമോ;<br><br>(ബി) തടവിൽ കഴിയുന്ന മലയാളികളുടെ കാര്യത്തിൽ നയതന്ത്ര ഇടപെടലുകൾ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; | (എ & ബി) വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ ഇന്ത്യൻ എംബസിക്കോ സംസ്ഥാന സർക്കാരിനോ ലഭ്യമാക്കാറില്ല. എന്നതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ എത്ര കേരളീയർ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെമോചനത്തിനു വേണ്ടി നടപടികൾ സ്വീകരിക്കുന്നുണ്ട്. നാളിതുവരെ വളരെയധികം കേസുകളിൽ ഇടപെട്ട് നിരന്തര അന്വേഷണത്തിന്റെ ഫലമായി ഒട്ടനവധിപേരെ ജയിൽ മോചിതരാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏത് ജയിൽകേസിലും ഉടനടി നടപടി സ്വീകരിച്ച് സാധ്യമായ രീതിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. ചില സന്ദർഭങ്ങളിൽ എംബസിയുടെ പാനലിൽ നിന്നുള്ള അഡ്വക്കേറ്റുമാരുടെ സേവനം ലഭ്യമാക്കി മോചനം സാധ്യമാക്കിയിട്ടുണ്ട്. |
| (സി) സൗദി അറേബ്യയിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾ എത്രയെന്ന് വ്യക്തമാക്കുമോ? | (സി) സൗദി ജയിലുകളിൽ എത്ര മലയാളികൾ ഉണ്ടെന്നതിനെ സംബന്ധിച്ച കണക്ക് സർക്കാരിന്റെ പക്കലില്ല. |

സെക്ഷൻ ഓഫീസർ